പരിഹരിക്കപ്പെടുമെന്നു കരുതുവാൻ സാഹചര്യങ്ങൾ നമ്മെ അനുവദിക്കുന്നില്ല. ഈ പ്രശ്നത്തെ അടിസ്ഥാനമാക്കി മജ്‌ലിസ്–ഏ–മുഷാവരാത്തോ മററ് ഏതെങ്കിലും മുസ്ലിം സംഘടനയോ, സംഘടനകളോ, ഒരു പ്രസ്ഥാനം ആരംഭിക്കുന്നപക്ഷം, ഇന്ത്യയ്ക്കകത്തു വ്യാപകമായ അസ്വസ്ഥതകൾ പൊട്ടിപ്പുറപ്പെടുമെന്ന് ഏറെക്കുറെ ഊഹിക്കാവുന്നതേയുള്ളു. അതോടൊപ്പം ഇന്ത്യയുടെ ഈ ആഭ്യന്തരപ്രശ്നം അന്താരാഷ്ട്രീയവത്കരിക്കപ്പെടാനും സാധ്യതയുണ്ടെന്ന് മുൻചേർത്ത ഉദ്ധാരണത്തിൽ നിന്നു വ്യക്തമാകുന്നു.

കേരളത്തിലും മററു ചില സംസ്ഥാനങ്ങളിലും നിയമസഭകളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ 1987–ൽ നടക്കുമെന്നു പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. നിലവിലുള്ള പ്രശ്നങ്ങളെ തെരഞ്ഞെടുപ്പുകൾ പരിഹരിക്കുന്നില്ലെന്നും അവ പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കുക മാത്രമേ ചെയ്യുന്നുള്ളു എന്നുമാണ്, പഞ്ചാബിലേയും അസമിലേയും ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പുകൾ നമ്മെ പഠിപ്പിച്ചിട്ടുള്ളത്.

ചുരുക്കത്തിൽ, 1986–നെ അപേക്ഷിച്ച്, മനുഷ്യവർഗത്തിനു പൊതുവെയും ഭാരതീയർക്കു പ്രത്യേകിച്ചും സുഖമോ, സമാധാനമോ, സംതൃപ്തിയോ 1987–ൽ നൽകുമെന്ന പ്രതീക്ഷ അസ്ഥാനത്തിലാണ്. കൂടുതൽ ക്ലേശങ്ങൾ വലിച്ചുവയ്ക്കാതെ കടന്നുപോയാൽത്തന്നെ 1987–ാമാണ്ടിനോടു നാം നന്ദിയുള്ളവരായിരിക്കണം!

(2 ഫെബ്രുവരി, 1987)

# 32. ഗോർബച്ചേവ് ഇന്ത്യയിൽ

ഭാരതീയജനതയുടെ മാത്രമല്ല, മനുഷ്യവർഗത്തിൻെറയാകെത്തന്നെ സമകാലിക ചരിത്രത്തിൽ പ്രസ്താവാർഹമായ ഒരു പ്രധാന സംഭവമായിരുന്നു സോവിയററ് കമ്യൂണിസ്റ്റ്പാർട്ടി ജനറൽ സെക്രട്ടറി മിഖായിൽ ഗോർബച്ചേവിൻെറ ഇന്ത്യാസന്ദർശനം. 1986 നവംബർ 25–ാം തീയതി ദില്ലിയിൽ വിമാനം ഇറങ്ങിയപ്പോൾമുതൽ 28–ാം തീയതി തിരിച്ചുപോകുന്നതുവരെ നാലു ദിവസങ്ങളിൽ മി. ഗോർബച്ചേവും, സോവിയററ് വിദേശകാര്യമന്ത്രി മി. എഡ്വേർഡ് ഷെവർദ്നദ്സേയും, സോവിയററ് സൈനികമേധാവി മാർഷൽ സെർഗി അഖ്റോണെയേവും, ഇവരോടൊപ്പം എത്തിയിരുന്ന മററു സോവിയററ് ഉദ്യോഗസ്ഥന്മാരും, അതാതു തലങ്ങളിലുള്ള ഇന്ത്യൻ നേതാക്കളോടും ഇന്ത്യൻ ഉദ്യോഗസ്ഥന്മാരോടും പ്രയോജനപ്രദങ്ങളായ ചർച്ചകൾ നടത്തി. ഒരു തർജമക്കാരനൊഴികെ മററാരുടെയും സാന്നിദ്ധ്യമില്ലാതെ, പത്തു മണിക്കൂർ സമയം മി. ഗോർബച്ചേവും ശ്രീ രാജീവ് ഗാന്ധിയും തമ്മിൽ നടന്ന സംഭാഷണം ഈ സന്ദർഭത്തിൽ പ്രത്യേകം പ്രസ്താവ്യമാണ്. ഇന്ത്യയും സോവിയററ് യൂണിയനുമിടയ്ക്ക് ദീർഘകാലമായി നിലനിന്നുവരുന്ന സൗഹൃദബന്ധത്തെ പുഷ്ടിപ്പെടുത്താൻ മാത്രമല്ല, ഈ രണ്ടു രാജ്യങ്ങളിലും പാർക്കുന്ന നൂറുകോടി ജനങ്ങൾക്കു സമകാല ലോകസംഭവങ്ങളെക്കുറിച്ചുള്ള വീക്ഷണം വ്യക്തമാക്കുന്നതിനും, അണുആയുധ നിരോധനത്തിനുവേണ്ടിയും സംഘർഷം ഒഴിവാക്കി ഏഷ്യയിൽ സമാധാനം ഭദ്രമാക്കുന്നതിനുവേണ്ടിയും ഏഷ്യയിലെയും ആഫ്രിക്കയിലെയും ജനകോടികളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് ആഗോളവ്യാപ

കമായ പ്രയത്നം ആരംഭിക്കുന്നതിനുവേണ്ടിയുമുള്ള പ്രസ്ഥാനങ്ങൾക്ക് ആക്കം കൂട്ടാനും ഈ ചർച്ചകൾ ഉപകരിച്ചു.

ഇന്ത്യൻ സമ്പദ്ഘടനയുടെ അടിത്തറ ശക്തിപ്പെടുത്തുന്നതിനുള്ള നാലു പദ്ധതികൾക്കുവേണ്ടി രണ്ടായിരം കോടി രൂപയോളം വരുന്ന ഒരു വായ്പ ഇന്ത്യയ്ക്ക് റഷ്യ നല്കുന്നതാണെന്ന് പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. ഈ വായ്പയ്ക്ക് രണ്ടര ശതമാനം മാത്രമാണ് പലിശ; പതിനേഴ് വർഷങ്ങളായി അതു തിരികെ അടച്ചാൽ മതി. ഉത്തരേന്ത്യയിൽ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനും 2400 മെഗാവാട്ട് വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുന്നതിനും ഉദ്ദേശിച്ചുള്ള ടെഹ്രി ജലവൈദ്യുതപദ്ധതി നടപ്പിൽ വരുത്തുന്നതിനും, ബോഖാറോവിലെ ഉരുക്കുമിൽ നവീകരിക്കുന്നതിനും, ബീഹാറിലെ ഝാരിയാ പ്രദേശത്ത് ആണ്ടിൽ നാല്പതുലക്ഷം കോക്കിങ് കല്ക്കരി കുഴിച്ചെടുക്കുന്ന നാലു കല്ക്കരിഖനികൾ ഭൂമിക്കടിയിൽ നിർമിക്കുന്നതിനും, പടിഞ്ഞാറേ ബംഗാളിൽ വ്യാപകമായി എണ്ണ പര്യവേക്ഷണം നടത്തുന്നതിനുമായിരിക്കും ഈ പണം ചെലവിടുക. ഇന്ത്യയ്ക്കു താല്പര്യമുണ്ടെങ്കിൽ, ആയിരം മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിവുള്ള ഒരു അണുവൈദ്യുതീനിലയം സ്ഥാപിക്കാനും സോവിയററ് യൂണിയൻ സഹായിക്കുന്നതാണ്. ഇന്ത്യയിൽ ഒരു അന്താരാഷ്ട്രീയ ബാഹ്യാന്തരീക്ഷ പഠനകേന്ദ്രം സ്ഥാപിക്കുന്നതിനെപ്പററിയും നിർദേശം ഉണ്ടായിട്ടുണ്ട്.

ഏററവും പുതിയതരം ടാങ്കുകൾ, അണുബോംബുകൾ കയററാവുന്ന കൂററൻ വിമാനങ്ങൾ, ദീർഘദൂരവീക്ഷണശക്തിയുള്ള റഡാറുകൾ മുതലായ യുദ്ധോപകരണങ്ങൾ നല്കി അമേരിക്ക പാകിസ്ഥാനെ ശക്തിപ്പെടുത്തി വരികയാണല്ലോ. അണുബോംബുകൾ നിർമിക്കുന്നതിനുള്ള കഴിവ് പാകിസ്ഥാൻ നേടിക്കഴിഞ്ഞതായും അറിവായിട്ടുണ്ട്. അഫ്ഘാനിസ്ഥാനിലുള്ള റഷ്യൻ സൈനികസാന്നിദ്ധ്യത്തിനു പ്രതിവിധി എന്ന പേരിൽ പാകിസ്ഥാനിൽ അമേരിക്ക നടത്തുന്ന സൈനികവല്ക്കരണം യഥാർത്ഥത്തിൽ ഇന്ത്യയ്ക്കെതിരായാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് എന്ന വിശ്വാസം പരക്കെയുണ്ട്. വർദ്ധിച്ചുവരുന്ന ഈ സൈനികശക്തി ഇന്ത്യയെ ആക്രമിക്കുവാൻ പാകിസ്ഥാൻ ഉപയോഗപ്പെടുത്തുന്നപക്ഷം റഷ്യ ഇന്ത്യയുടെ തുണയ്ക്കെത്തുമെന്ന സൂചന ഗോർബച്ചേവ് നൽകിയിട്ടുണ്ട്. 'ഇന്ത്യയ്ക്കോ, സോവിയററ് യൂണിയനോ ഒരു രാജ്യത്തിന് എന്തെങ്കിലും കുഴപ്പം നേരിട്ടാൽ ഇടപെട്ടു പ്രവർത്തിക്കുവാൻ മറേറ രാജ്യം ബാധ്യസ്ഥമാണ് എന്നതത്രേ ഇന്ത്യ—സോവിയററ്—സൗഹാർദ—സഹകരണസന്ധിയുടെ മുഖ്യമായ അർത്ഥം. ഇത്തരം സന്ദർഭങ്ങൾ മുമ്പ് ഉണ്ടായിട്ടുണ്ട്. അപ്പോൾ സന്ധിയിലെ അക്ഷരാർത്ഥത്തിനും ആത്മചൈതന്യത്തിനുമനുസരിച്ച് സോവിയററ് യൂണിയനും ഇന്ത്യയും തങ്ങളുടെ ബാധ്യതകൾ നിറവേററുന്നതിനു വേണ്ടതു പ്രവർത്തിച്ചിട്ടുമുണ്ട്' എന്ന്, ഇന്ത്യൻ പാർലമെൻറിൽ ചെയ്ത പ്രസംഗത്തിൽ മി. ഗോർബച്ചേവ് നടത്തിയ പ്രസ്താവന, അർത്ഥശങ്കയ്ക്ക് ഇട നൽകാത്തവിധം വിശദമാണ്. പാകിസ്ഥാന് അമേരിക്ക നൽകുന്ന ആയുധസഹായത്തിൻേറയും, പാകിസ്ഥാൻ നേടിയിട്ടുള്ള അണുആയുധനിർമാണക്കഴിവിൻേറയും പശ്ചാത്തലത്തിൽ, ഇന്ത്യൻ പ്രതിരക്ഷാസംവിധാനങ്ങൾ ബലപ്പെടുത്തുന്നതിന് സോവിയററ് യൂണിയൻെറ സാങ്കേതികവും ഭൗതികവുമായ സഹായം ആവശ്യമായ അളവിൽ ഇന്ത്യയ്ക്കു ലഭിക്കുമെന്നാണു പ്രതീക്ഷിക്കപ്പെടുന്നത്.

ഇന്ത്യയും സോവിയററ് യൂണിയനും തമ്മിൽ ശാസ്ത്ര—സാങ്കേതിക രംഗങ്ങളിലുള്ള സഹകരണം പുഷ്ടിപ്പെടുത്തുന്നതിനായി അക്കാദമിഷ്യൻ ജി. മെർച്ചൂക്കിൻെറ നേതൃത്വത്തിൽ സോവിയററ് ശാസ്ത്രജ്ഞന്മാരുടെ

യും സാങ്കേതിക വിദഗ്ധരുടെയും ഒരു ഉന്നതതലസംഘം അടുത്തുതന്നെ ഇന്ത്യ സന്ദർശിക്കുമെന്നു പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്.

സോവിയറ്റ് യൂണിയനിലെ താഷ്കെന്റ്, നഖോഡ്ക എന്നീ നഗരങ്ങളിൽ ഇന്ത്യൻ നയതന്ത്ര പ്രതിനിധികാര്യാലയങ്ങൾ (കോൺസുലേറ്റുകൾ) തുറക്കാനും തീരുമാനിച്ചിട്ടുണ്ട്. നഖോഡ്ക സോവിയറ്റ് യൂണിയനിലെ ഒരു നാവികകേന്ദ്രമാണ്. അവിടെ ഇന്ത്യൻ നാവികർക്ക് പരിശീലനം നൽകിവരുന്നുണ്ട്. നാവികസേനയെ സംബന്ധിച്ച കാര്യങ്ങളിൽ ഇന്ത്യ–സോവിയറ്റ്സഹകരണം വർദ്ധിച്ചുവരുന്നതിന്റെ ഒരു ചിഹ്നമായിരിക്കും നഖോഡ്കയിലെ ഇന്ത്യൻ കോൺസുലേറ്റ്.

ഇന്ത്യയെപ്പറ്റിയുള്ള ധാരണ സോവിയറ്റ് പൗരന്മാരിൽ വളർത്തുന്നതിനുവേണ്ടി സോവിയറ്റ് യൂണിയനിൽ ഒരു 'ഇന്ത്യാ–ഉത്സവം' സംഘടിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. 1988–ൽ ഇന്ത്യയിൽ ഒരു 'സോവിയറ്റ് ഉത്സവ'വും സംഘടിപ്പിക്കുന്നതാണ്.

ഇന്ദിരാഗാന്ധിയുടെ മരണത്തിനുശേഷം, അന്താരാഷ്ട്രീയ കാര്യങ്ങളിൽ ഇന്ത്യ പിന്തുടർന്നുവരുന്ന നയങ്ങളെ സോവിയറ്റ് യൂണിയൻ പൂർണമായും അനുകൂലിക്കുന്നുണ്ടെന്നു വ്യക്തമാക്കാനും മി. ഗോർബച്ചേവ് ഈ സന്ദർശനവേള ഉപയോഗപ്പെടുത്തിയിട്ടുണ്ട്. സോവിയറ്റ്സുഹൃദ് സംഘടനകളുടെ ഒരു സംയുക്തയോഗത്തിൽ അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചു: 'നിങ്ങളുടെ പ്രധാനമന്ത്രി(രാജീവ് ഗാന്ധി)യുമായി നടത്തുന്ന സംഭാഷണം എപ്പോഴും സമ്പന്നമായ ഒരനുഭവമാണ്. ഇന്ത്യാ–സോവിയറ്റ്ബന്ധങ്ങൾ വിശ്വസിക്കാവുന്ന കൈകളിലാണെന്നതിനു് ഈ സംഭാഷണം ഉറപ്പുതരുന്നു.'

രണ്ടാം മഹായുദ്ധത്തിനുശേഷം അമേരിക്കയുടെ നേതൃത്വത്തിൽ ഉരുത്തിരിഞ്ഞുവന്നിട്ടുള്ള പുതിയ കൊളോണിയലിസ–സൈനികാധിപത്യപ്രതിഭാസത്തെപ്പറ്റി ഇതേ യോഗത്തിൽ അദ്ദേഹം നടത്തിയ പരാമർശവും ശ്രദ്ധേയമാണ്. ഈ പ്രതിഭാസത്തിനു് 'നിയോ–ഗ്ലോബലിസം' (നവ–ആഗോളവാദം) എന്ന പേർ മി. ഗോർബച്ചേവ് നല്കി. ഈ കൊളോണിയലിസ–സൈനികാധിപത്യത്തെ അദ്ദേഹം ഇങ്ങനെ വിവരിച്ചു:

'ബഹുരാഷ്ട്ര വ്യവസായസംഘടനകളുടെ (ട്രാൻസ് നാഷണൽ കോർപ്പറേഷൻ) പ്രവർത്തനത്തെ ആശ്രയിച്ചുള്ളതാണ് നിയോഗ്ലോബലിസമെന്ന ഈ നയം. അതു ചില രാഷ്ട്രങ്ങളെ മറ്റു ചില രാഷ്ട്രങ്ങൾക്കെതിരായി പടക്കളത്തിലിറക്കുന്നു; ഉയർന്നുവരാൻ തുടങ്ങുന്ന സംഘർഷാഗ്നികൾക്ക് എണ്ണയൊഴിച്ചു കൊടുക്കുന്നു; തങ്ങൾക്കിഷ്ടമില്ലാത്ത ഭരണകൂടങ്ങൾക്കെതിരേ പട്ടാളനടപടികളും സർക്കാർ നേതൃത്വത്തിലുള്ള ഭീകരപ്രവർത്തനങ്ങളും (സ്റ്റേറ്റ് ടെററിസം) തൊടുത്തുവിടുന്നു. ഗവൺമെന്റുകൾക്കെതിരായി അക്രമം പ്രവർത്തിക്കുന്ന കലാപക്കാർ (കോൺട്രകൾ), വിഭജനവാദികൾ, ഭീകരപ്രവർത്തകർ എന്നിവർക്ക് നിയോഗ്ലോബലിസ്റ്റുകൾ പരിശീലനവും ആയുധസഹായവും ധനസഹായവും നൽകുന്നു. തങ്ങൾക്കിഷ്ടമില്ലാത്ത സർക്കാരുകൾക്കെതിരെ ഇവർ സാമ്പത്തിക–ഉപരോധം (ബ്ലോക്കേഡ്) സംഘടിപ്പിക്കുന്നു. കടത്തിൽ അവരെ കുടുക്കുന്നു. എല്ലാത്തരത്തിലുമുള്ള, രാഷ്ട്രീയവും ആദർശസംഹിതാപരവും(ഐഡിയോളജിക്കൽ) ആയ അട്ടിമറികളും ഗൂഢാലോചനകളും ആഭ്യന്തരനയങ്ങളിൽ കൈകടത്തലുകളും, പുരോഗമനപരമായ സർക്കാരുകളെ തുരങ്കം വെക്കുന്നതിനുള്ള മറ്റു നടപടികളും, നിയോഗ്ലോബലിസത്തിൽ അടങ്ങുന്നു. മധ്യഅമേരിക്കയിലും പടിഞ്ഞാറേ ഏഷ്യയിലും തെക്കു കിഴക്കേ ഏഷ്യയിലും തെക്കേ ഏഷ്യയിലും, തെക്കേ ആഫ്രിക്കയോടു തൊട്ടുകിടക്കുന്ന (ഫ്രണ്ട്‌ലൈൻ) സ്റ്റേറ്റുകളിലും ശാന്തസമുദ്ര

ത്തിലും ഇന്ത്യാസമുദ്രത്തിലുമുള്ള ചെറു രാഷ്ട്രങ്ങളിലും നിയോക്കോളോണിയലിസത്തിന്റെ പ്രവർത്തനം പ്രകടമാണ്. ഇന്ത്യയിലുള്ള നിങ്ങൾക്ക്, ഈ നയത്തിന്റെ പ്രവർത്തനരീതിയും പ്രവർത്തനോപാധികളും സുപരിചിതമാണല്ലോ.' അമേരിക്ക, പ്രത്യേകിച്ചും മി. റേയ്ഗൻ പ്രസിഡണ്ട് ആയതിനുശേഷം, കൈക്കൊണ്ടുവരുന്ന വിദേശനയത്തിന്റെ യഥാർത്ഥ രൂപം മനസ്സിലാക്കുന്നതിന് ഈ വിവരണം സഹായകമാണ്.

മി. ഗോർബച്ചേവും ശ്രീ രാജീവ് ഗാന്ധിയും നവംബർ 27-ാം തീയതി ഒപ്പുവെച്ച സംയുക്തപ്രഖ്യാപനം, മനുഷ്യവർഗം ഇന്നു നേരിട്ടുകൊണ്ടിരിക്കുന്ന ഭീഷണികളെപ്പററിയും, ആ ഭീഷണികളെ അതിജീവിക്കുന്നപക്ഷം മനുഷ്യവർഗത്തിന്റെ മുമ്പിൽ ചുരുൾ നിവരാനിരിക്കുന്ന അനന്തസാദ്ധ്യതകളെപ്പററിയും സംക്ഷിപ്തമായും വിശദമായും പ്രതിപാദിക്കുന്നുണ്ട്. നിഷ്കൃഷ്ടമായ പഠനം അർഹിക്കുന്ന ഈ പ്രഖ്യാപനത്തിന്റെ പൂർണവിവർത്തനം താഴെ ചേർക്കുന്നു:

'ചരിത്രത്തിൽ, നിർണായകമായ ഒരു വഴിത്തിരിവിലാണ് ഇന്നു മനുഷ്യവർഗം നിലകൊള്ളുന്നതു്. യുഗങ്ങളിലൂടെ മനുഷ്യൻ സൃഷ്ടിച്ച എല്ലാററിനെയും മാത്രമല്ല, മനുഷ്യനെത്തന്നെയും, ഒപ്പം ഭൂമിയിലുള്ള ജീവസമഷ്ടിയെക്കൂടിയും, അണുആയുധങ്ങൾ നശിപ്പിച്ചേക്കുമെന്ന ഭീഷണി ഉയർന്നിരിക്കുന്നു. അണുയുഗത്തിൽ മനുഷ്യവർഗത്തിന്റെ അതിജീവനത്തിനു വിശ്വസനീയമായ ഉറപ്പു നൽകുന്ന ഒരു പുതിയ രാഷ്ട്രീയചിന്തയും ലോകത്തെപ്പററി ഒരു പുതിയ ധാരണയും മനുഷ്യവർഗം വികസിപ്പിച്ചെടുക്കണം. കൂടുതൽ സുരക്ഷിതവും കൂടുതൽ ന്യായനിഷ്ഠവുമായ ഒരു ലോകത്തിൽ ജീവിക്കാനാണ് ജനങ്ങൾ ആഗ്രഹിക്കുന്നതു്. അണുആയുധങ്ങളുടെ ഭീകര ഭീഷണിക്കും നൈരാശ്യത്തിനും ബന്ദികളായിരിക്കുക എന്നതാവരുതു് മനുഷ്യവർഗത്തിന്റെ ഭാഗധേയം. കൂടുതൽ നല്ല ഒരു ഭാഗധേയം മനുഷ്യവർഗം അർഹിക്കുന്നുണ്ട്. ഇന്നത്തെ സാർവലൗകിക സാഹചര്യം മാററണം; അക്രമവും വിദ്വേഷവും ഭയവും പരസ്പരശങ്കയുമില്ലാത്തതും അണുആയുധനിർമുക്തവും ആയ ഒരു ലോകം സൃഷ്ടിക്കുകയുംവേണം.

'നമുക്കു പൈതൃകമായി കിട്ടിയ ഈ ലോകം ഇന്നത്തെ തലമുറയ്ക്കു മാത്രമല്ല, വരാനിരിക്കുന്ന തലമുറകൾക്കുകൂടി അവകാശപ്പെട്ടതാണ്. ഇതിനർത്ഥം, വിശ്വജനീനമായി അംഗീകരിക്കപ്പെട്ട മനുഷ്യമൂല്യങ്ങൾക്കു പ്രാഥമ്യം നൽകണമെന്നതാകുന്നു. ജീവിതത്തിനും സ്വാതന്ത്ര്യത്തിനും സമാധാനത്തിനും സുഖാന്വേഷണത്തിനും ഉള്ള അവകാശം ഓരോ രാഷ്ട്രത്തിനും ഓരോ മനുഷ്യനുമുണ്ട് എന്ന തത്ത്വം അംഗീകരിക്കപ്പെടണം. ബലപ്രയോഗത്തേയും ബലപ്രയോഗഭീഷണിയേയും വർജിക്കണം. സ്വന്തം ഇഷ്ടത്തിനനുസരിച്ച സാമൂഹ്യ—രാഷ്ട്രീയ—ആദർശ—സംഹിതീയസംവിധാനങ്ങൾ തിരഞ്ഞെടുക്കാൻ ഓരോ മനുഷ്യനുമുള്ള അവകാശത്തെ എല്ലാവരും ആദരിക്കണം. ചിലരുടെമേൽ മററു ചിലർ ആധിപത്യം ചെലുത്തുന്നതിന് ഉദ്ദേശിച്ച രൂപം നൽകിയ നയങ്ങൾ ഉപേക്ഷിക്കപ്പെടണം. അണുആയുധങ്ങൾ ഉപയോഗിച്ച് ഒരു യുദ്ധം ഒരിക്കലും നടക്കരുതു്; അത്തരം ഒരു യുദ്ധത്തിൽ ആർക്കും ഒരിക്കലും വിജയമുണ്ടാവില്ല എന്നതു് എല്ലാ ആളുകളും അംഗീകരിച്ചുകഴിഞ്ഞ ഒരു ഉത്തമബോദ്ധ്യമാണ്. ഈ ബോദ്ധ്യത്തെ തുരങ്കംവെക്കുന്നതാണ് അണുആയുധശേഖരങ്ങളുടെ വിപുലീകരണവും അന്തരീക്ഷ—ആയുധങ്ങളുടെ വികസനവും.

'സോവിയററ് യൂണിയൻ, ഇന്ത്യ എന്ന രണ്ടു സുഹൃദ് രാഷ്ട്രങ്ങളിലെ നൂറുകോടിയിലേറെ വരുന്ന പുരുഷന്മാരുടെയും സ്ത്രീകളുടെയും കുട്ടികളുടെയും പേരിൽ (ഇവർ മനുഷ്യവർഗത്തിന്റെ അഞ്ചിലൊന്നാണ്)

എല്ലാ രാഷ്ട്രങ്ങളിലെയും ജനങ്ങളേയും നേതാക്കളേയും ഞങ്ങൾ ഉദ്ബോധിപ്പിക്കുന്നു. മനുഷ്യരെ കൂട്ടക്കുരുതി ചെയ്യാൻവേണ്ടി ഉണ്ടാക്കിയ ആയുധങ്ങൾ ഇല്ലാത്തതും യുദ്ധനിർമുക്തവുമായ ഒരു ലോകത്തിലേക്കു നയിക്കുന്ന നടപടികൾ അടിയന്തരമായി കൈക്കൊള്ളുക!

'ഞങ്ങളുടെ രണ്ടു രാഷ്ട്രങ്ങളുടെയും, മനുഷ്യവർഗത്തിന്റെയാകെത്തന്നെയും, ഭാഗധേയങ്ങൾ സംബന്ധിച്ച പൊതുവായ ഉത്തരവാദത്തെപ്പററി തികഞ്ഞ ബോധത്തോടെ, അണുആയുധ നിർമുക്തവും അക്രമരഹിതവുമായ ഒരു ലോകത്തിന്റെ നിർമാണത്തിനായി താഴെ ചേർക്കുന്ന തത്ത്വങ്ങൾ ഞങ്ങൾ മുന്നോട്ടുവെക്കുന്നു:

1. സമാധാനപരമായ സഹവർത്തിത്വം അന്താരാഷ്ട്രീയബന്ധങ്ങളിൽ സാർവത്രികമായി അംഗീകരിക്കപ്പെടണം. മുഖാഭിമുഖസംഘർഷത്തിന്റെ (കൺഫ്രണ്ടേഷൻ) സ്ഥാനത്തു സഹകരണത്തെ പ്രതിഷ്ഠിക്കുന്നതിനും പട്ടാളനടപടികളിലൂടെയല്ലാതെ സമാധാനപരമായ രാഷ്ട്രീയ മാർഗങ്ങളിലൂടെ സംഘർഷങ്ങൾ പരിഹരിക്കുന്നതിനുമായി, അന്താരാഷ്ട്രീയബന്ധങ്ങൾ അഴിച്ചുപണിയുന്നതു് അണുയുഗത്തിൽ ആവശ്യമായി വന്നിരിക്കുന്നു.

2. മനുഷ്യജീവന്റെ സർവോപരി പ്രാധാന്യം അംഗീകരിക്കപ്പെടണം. സമാധാനപൂർണമായ അന്തരീക്ഷത്തിൽ പുരോഗതിയും പരിഷ്കാരവികാസവും സാദ്ധ്യമാക്കുന്നതു് മനുഷ്യന്റെ സർഗാത്മകപ്രതിഭയത്രെ.

3. സമൂഹജീവിതത്തിന്റെ അടിസ്ഥാനം അക്രമരാഹിത്യമായിരിക്കണം. അക്രമത്തിലും ഭീഷണിയിലും, അസമത്വത്തിലും മർദനത്തിലും, വർഗം, മതം, തൊലി, നിറം എന്നിവയെ ആധാരമാക്കിയുള്ള വിവേചനത്തിലും അധിഷ്ഠിതങ്ങളായ തത്ത്വദർശനങ്ങളും നയങ്ങളും അസാന്മാർഗികങ്ങളാണു്; അവ അനുവദിക്കപ്പെട്ടുകൂടാ. ഈ തത്ത്വദർശനങ്ങളും നയങ്ങളും അസഹിഷ്ണുത പരത്തുകയും, മനുഷ്യന്റെ അഭിജാതങ്ങളായ അഭിലാഷങ്ങളെ നശിപ്പിക്കുകയും, എല്ലാ മാനുഷികമൂല്യങ്ങളെയും നിഷേധിക്കുകയുംചെയ്യുന്നു.

4. ഭയത്തിന്റെയും പരസ്പരശങ്കയുടെയും സ്ഥാനത്തു ധാരണയും വിശ്വാസവും നിലവിൽ വരണം. രാഷ്ട്രങ്ങൾ തമ്മിലും ജനതകൾ തമ്മിലുമുള്ള അവിശ്വാസവും ഭയവും ശങ്കയും യഥാർത്ഥ ലോകത്തെപ്പററിയുള്ള അവരുടെ വീക്ഷണങ്ങൾക്കു വൈരൂപ്യം വരുത്തുന്നു. ഇതിൻ ഫലമായി പിരിമുറുക്കം വർദ്ധിക്കുകയും, അന്തിമവിശകലനത്തിൽ അന്താരാഷ്ട്രീയസമൂഹത്തിനു മുഴുവൻ ദോഷം ഉളവാകുകയുംചെയ്യുന്നു.

5. രാഷ്ട്രീയവും സാമ്പത്തികവുമായ സ്വാതന്ത്ര്യത്തിനു് അവകാശം ഓരോ രാഷ്ട്രത്തിനുമുണ്ടു്. ഈ അവകാശത്തെ അംഗീകരിക്കുകയും ആദരിക്കുകയും വേണം. എല്ലാ രാഷ്ട്രങ്ങൾക്കും സാമ്പത്തികനീതിയും തുല്യമായ രാഷ്ട്രീയഭദ്രതയും ഉറപ്പുവരുത്തുന്ന ഒരു പുതിയ ലോകക്രമം പടുത്തുയർത്തണം. അത്തരമൊരു ക്രമത്തിന്റെ നിർമാണത്തിനു് അനുപേക്ഷണീയമായ മുൻ ഉപാധിയാണു് ആയുധപ്പന്തയം അവസാനിപ്പിക്കൽ.

6. ആയുധനിർമാണത്തിനു ചെലവഴിച്ചുവരുന്ന വിഭവങ്ങൾ സാമൂഹ്യവും സാമ്പത്തികവുമായ വികസനത്തിനുവേണ്ടി തിരിച്ചുവിടണം. സാമ്പത്തികപിൻനിലയോടും ദാരിദ്ര്യത്തോടും പൊരുതുന്നതിനു് ഇന്നുള്ളതിലും എത്രയോ അധികം വിഭവങ്ങൾ ആവശ്യമുണ്ടു്. നിരായുധീകരണംകൊണ്ടു മാത്രമേ ഇതിനുവേണ്ട വമ്പിച്ച വിഭവങ്ങൾ ലഭ്യമാക്കാൻ കഴിയൂ.

7. വ്യക്തികളുടെ സമതുലിതമായ വികസനത്തിനു് അനുയോജ്യമായ പരിതഃസ്ഥിതികൾ നിലവിൽ വരുത്തണം. അടിയന്തരമായ മാനു

ഷികപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എല്ലാ രാഷ്ട്രങ്ങളും ഒത്തുചേർന്നു പരിശ്രമിക്കണം. വ്യക്തികളുടെ സർവതോന്മുഖമായ വളർച്ചയ്ക്കുവേണ്ടി സംസ്കാരം, കലകൾ, ശാസ്ത്രം, വിദ്യാഭ്യാസം, ചികിത്സ എന്നീ മേഖലകളിൽ എല്ലാ രാഷ്ട്രങ്ങളും സഹകരിക്കണം.

8. ലോകവ്യാപകങ്ങളായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി, മനുഷ്യവർഗത്തിന്റെ ഭൗതികവും ബുദ്ധിപരവുമായ സാധ്യതകൾ ഉപയോഗപ്പെടുത്തണം. ഭക്ഷ്യദൗർലഭ്യം, ജനസംഖ്യാവർദ്ധന, നിരക്ഷരത, പരിസ്ഥിതി പ്രദൂഷണം എന്നിവപോലെയുള്ള ആഗോളപ്രശ്നങ്ങൾക്ക്, ഭൂമിയിലെ വിഭവങ്ങളെ കാര്യക്ഷമമായും ഉചിതമായും ഉപയോഗപ്പെടുത്തുന്നതിലൂടെ പരിഹാരം കാണണം. സമുദ്രങ്ങളും അവയുടെ അടിത്തട്ടുകളും ബാഹ്യാന്തരീക്ഷവും മനുഷ്യവർഗത്തിന്റെ പൊതു പൈതൃകമാകുന്നു. ഈ മണ്ഡലങ്ങളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആയുധപ്പന്തയം അവസാനിപ്പിക്കുന്നതുവഴി കൂടുതൽ നല്ല സാഹചര്യം സൃഷ്ടിക്കണം.

9. ഇന്നു നിലവിലുള്ള 'ഭീഷണിയുടെ സന്തുലനം' മാററി, പകരം സമഗ്രമായ അന്താരാഷ്ട്രീയ സുരക്ഷിതത്വവ്യവസ്ഥ നടപ്പിൽവരുത്തണം. ലോകം ഒന്നാണ്; സുരക്ഷിതത്വം അവിഭാജ്യവുമാണ്. നിരായുധീകരണത്തിനും വികസനത്തിനുമുള്ള ഒരു പൊതുസമർപ്പണത്തിൽ, സാമൂഹ്യവ്യവസ്ഥിതികൾ, ആദർശസംഹിതകൾ, മതങ്ങൾ, വർഗ്ഗങ്ങൾ എന്നിവയുടെ വ്യത്യാസം കണക്കിലെടുക്കാതെ, കിഴക്കും പടിഞ്ഞാറും വടക്കും തെക്കുമുള്ള രാഷ്ട്രങ്ങൾ ഒന്നിച്ചുചേരണം. സത്യാപനത്തിനും (വെരിഫിക്കേഷൻ) വിശ്വാസം പടുത്തുയർത്തുന്നതിനും ലഭ്യങ്ങളും ഉഭയസമ്മതങ്ങളുമായ മാർഗങ്ങൾ എല്ലാം ഉപയോഗപ്പെടുത്തി, അണു—നിരായുധീകരണത്തിന്റെ കാര്യത്തിൽ സംയോജിത നടപടികൾ സ്വീകരിക്കുക, സമാധാനപരമായ കൂടിയാലോചനയിലൂടെയും രാഷ്ട്രീയ—സാമ്പത്തിക—മനുഷ്യത്വ മണ്ഡലങ്ങളിൽ സഹകരണത്തിലൂടെയും പ്രാദേശിക സംഘർഷങ്ങൾ നീതിയുക്തമായി ഒത്തുതീർപ്പിലെത്തിക്കുക എന്നിവ വഴി അന്താരാഷ്ട്രീയ സുരക്ഷിതത്വം ഭദ്രമാക്കാൻ കഴിയും.

10. അണുആയുധ നിർമുക്തവും അക്രമരഹിതവുമായ ലോകം നിലവിൽ വരുന്നതിനു നിരായുധീകരണകാര്യത്തിൽ സവിശേഷപരിശ്രമങ്ങൾ ഉടൻ കൈക്കൊള്ളേണ്ടതുണ്ട്. താഴെ പറയുന്ന സംഗതികളിൽ ഒത്തുതീർപ്പുണ്ടാക്കുന്നതുവഴി ഈ ലക്ഷ്യം നേടാൻ കഴിയും:

—ഈ ശതാബ്ദം അവസാനിക്കുംമുമ്പ് അണുആയുധശേഖരങ്ങൾ പൂർണമായും നശിപ്പിക്കുക.

—മനുഷ്യവർഗത്തിന്റെ പൊതുപൈതൃകമായ ബാഹ്യാന്തരീക്ഷത്തിൽ ഒരായുധവും കടത്താതെ നോക്കുക.

—എല്ലാ അണുആയുധ പരീക്ഷണങ്ങളും നിരോധിക്കുക.

—ജനങ്ങളെ കൂട്ടക്കൊലചെയ്യുന്നതിനുള്ള പുതിയതരം ആയുധങ്ങൾ വികസിപ്പിച്ചെടുക്കുന്നതു തടയുക.

—രാസ—ആയുധങ്ങൾ നിരോധിക്കുക; ഇപ്പോഴുള്ള രാസ—ആയുധ ശേഖരങ്ങൾ നശിപ്പിക്കുക.

—സാധാരണതരം (കൺവെൻഷൻ) ആയുധങ്ങൾ കുറച്ചുകൊണ്ടുവരിക; സായുധസേനകളുടെ എണ്ണം ചുരുക്കുക.

'അണുആയുധങ്ങൾ ഇല്ലാതാക്കുന്നതിനു മുന്നോടിയായി, അണുആയുധങ്ങളുടെ ഉപയോഗവും അവ ഉപയോഗിക്കുമെന്ന ഭീഷണിയും നിരോധിക്കുന്ന ഒരു അന്താരാഷ്ട്രീയ ഉടമ്പടിയിൽ ഉടൻതന്നെ ഒപ്പുവെക്കണമെന്ന് ഇന്ത്യയും സോവിയററ് യൂണിയനും നിർദേശിക്കുന്നു. പൂർണ

മായ അണു—നിരായുധീകരണത്തിലേക്കുള്ള മൂർത്തമായ ഒരു പ്രധാന കാൽവെപ്പായിരിക്കും ഈ ഉടമ്പടി.

'അണുആയുധ നിർമുക്തവും അക്രമരഹിതവുമായ ഒരു ലോകം പടുത്തുയർത്തുന്നതിനു സമാധാനം, പരസ്പരബഹുമാനം, സഹിഷ്ണുത എന്നിവ ലക്ഷ്യമാക്കിയുള്ള വിദ്യാഭ്യാസം ജനതകൾക്കും രാഷ്ട്രങ്ങൾക്കും നൽകുകയും, വീക്ഷണഗതികളിൽ വിപ്ലവകരമായ ഒരു മാററം വരുത്തുകയും ചെയ്യേണ്ടതു് ആവശ്യമാണു്. യുദ്ധത്തിനും വിദ്വേഷത്തിനും അക്രമത്തിനും അനുകൂലമായ പ്രചാരവേല നിരോധിക്കണം; മററു രാഷ്ട്രങ്ങളെയും ജനതകളെയും ശത്രുതയോടെ കാണാതിരിക്കണം.

'ആഗോളപ്രശ്നങ്ങൾ കുമിഞ്ഞുകൂടി അധികം ദ്രോഹകരങ്ങളായി വളരാതെനോക്കുന്നതാണു വിവേകം. അവ ഇന്നു പരിഹരിക്കാതിരുന്നാൽ നാളെ അവ പരിഹരിക്കാൻ കൂടുതൽ വലിയ ത്യാഗങ്ങൾ അനുഷ്ഠിക്കേണ്ടതായിവരും.

'മനുഷ്യവർഗത്തെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്ന ആപത്തു് അതിഭീമമാണു്. എന്നാലും, ദുരന്തം ഒഴിവാക്കാനും അണുആയുധ നിർമുക്തമായ ഒരു നാഗരികതയിലേക്കുള്ള വഴി ഒരുക്കാനും മനുഷ്യവർഗത്തിനു കഴിവുണ്ടു്. ചേരിചേരാ രാഷ്ട്രങ്ങളുടെ പരിശ്രമങ്ങൾ, സമാധാനത്തിനും നിരായുധീകരണത്തിനുംവേണ്ടി അഞ്ചു വൻകരകളിലെ ആറു രാഷ്ട്രങ്ങൾ ചേർന്നു് എടുത്ത മുൻകൈ, സമാധാനം കാംക്ഷിക്കുന്ന രാഷ്ട്രങ്ങളും രാഷ്ട്രീയകക്ഷികളും പൊതുസംഘടനകളും എന്നിവയെല്ലാമടങ്ങുന്ന സമാധാന—ഐക്യശക്തികളുടെ ഏറിവരുന്ന കരുത്തു് നമുക്കു് ആശയും ശുഭാപ്തിവിശ്വാസവും നൽകുന്നു. നിർണ്ണായകമായ അടിയന്തര നടപടികൾ കൈക്കൊള്ളുന്നതിനുള്ള സമയം ഇതാണു്.'

ഈ പ്രഖ്യാപനം പലതവണ മനസ്സിരുത്തി വായിക്കുവാനും അതിനെപ്പററി സുഹൃത്തുക്കളുമായി വിശദചർച്ചകൾ നടത്താനും ഞാൻ അഭ്യർത്ഥിക്കുന്നു. നിരാശത പുകഞ്ഞു് ഇരുണ്ട ഹൃദയത്തിൽ ശുദ്ധവായുവും പുലർവെളിച്ചവും പരക്കുന്ന പ്രതീതിയാണു് ഈ പ്രഖ്യാപനം വായിച്ചപ്പോൾ എനിക്കുണ്ടായതു്.

(30 നവംബർ, 1986)

# 33. ഏഷ്യാഡിൽ ഇന്ത്യ

ഇന്ത്യയെന്ന രാഷ്ട്രത്തിന്റെ നിലനില്പു് എന്തിനെ ആശ്രയിച്ചാണു്? ഇന്ത്യയ്ക്കകത്തു ജനങ്ങളുടെ സാമ്പത്തികാഭിവൃദ്ധി, ജീവനും സ്വത്തിനുമുള്ള രക്ഷ, ജനാധിപത്യസ്വാതന്ത്ര്യം, സാംസ്കാരികപുരോഗതി, രാഷ്ട്രത്തോടു് പൗരന്മാർക്കുള്ള കൂറു് മുതലായ ഘടകങ്ങൾ, ആഭ്യന്തരകലഹങ്ങളിൽ തകർന്നുപോകാതെ ഇന്ത്യയുടെ അഖണ്ഡത പുലർത്തുന്നതിനു് ഒഴിച്ചുകൂടാത്തവയാണെന്ന കാര്യത്തിൽ ആർക്കും സംശയമുണ്ടാവില്ല.

ഇവയ്ക്കു പുറമേ, മററു രാഷ്ട്രങ്ങൾക്കു് ഇന്ത്യയോടുള്ള മതിപ്പും ഇന്ത്യയുടെ സമാധാനപരമായ പുരോഗതിക്കെന്നപോലെ നിലനില്പിനുകൂടിയും അനുപേക്ഷണീയമാകുന്നു. നമ്മുടെ കാർഷിക—വ്യാവസായിക പുരോഗതിയെപ്പററി ഉത്തമബോധ്യമില്ലാത്ത രാജ്യങ്ങളിൽ എങ്ങനെയാണു് നമ്മുടെ ചരക്കുകൾ വിററഴിക്കുക? ഇന്ത്യക്കാരുടെ വിദ്യാഭ്യാസ—സാംസ്കാരികനിലവാരത്തെപ്പററി മറുനാട്ടുകാർക്കു് നല്ല അഭിപ്രായമുണ്ടെങ്കിൽ മാത്രമല്ലേ വിദേശങ്ങളിൽ നമ്മുടെ യുവജനങ്ങൾക്കു ജോലി